# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം11/1491/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറുവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറുവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം11/1491/2022 തീയ്യതി: 30/06/2022

## മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-03-2022 മുതൽ 28-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ സത്താർ. സി പി, ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുന്നാസർ. പി,ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുൽ ഗഫൂർ. സി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി.എം.,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി, സക്കീന കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.യൂസഫ്.എം.പി | പ്രസിഡന്റ് | 01-04-2020 | 02-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 03-11-2020 | 29-12-2020 |
| ശ്രീമതി നസീറ മോൾ പാലപ്ര | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ജയശ്രീ.ആർ | സെക്രട്ടറി | 01-04-2020 | 23-05-2020 |
| | | 15-06-2020 | 02-10-2020 |
| | | 18-10-2020 | 28-10-2020 |
| ശ്രീ.മുരളീധരൻ പുന്നക്കുഴി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-05-2020 | 14-06-2020 |
| ശ്രീമതി മേരി ഐലിൻ എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-10-2020 | 17-10-2020 |
| | | 29-10-2020 | 08-11-2020 |
| | | 02-03-2021 | 31-03-2021 |
| | | 22-12-2020 | 19-01-2021 |
| ശ്രീ.അനൂപ് കുമാർ വി | സെക്രട്ടറി | 09-11-2020 | 21-12-2020 |
| | | 20-01-2021 | 01-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മുരളീധരൻ പുന്നക്കുഴി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 18-06-2020 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 19-06-2020 | 30-06-2020 |
| ശ്രീമതി മേരി ഐലിൻ എ | അസിസ്റ്റന്റ് സെക്രട്ടറി | 01-07-2020 | 31-03-2021 |
| ശ്രീമതി ഷേർളി ജോർജ് | ഹെഡ് മാസ്റ്റർ | 01-04-2020 | 15-02-2021 |
| ശ്രീമതി ജസ്സി ജോൺ | ഹെഡ് മാസ്റ്റർ | 16-02-2021 | 31-03-2021 |
| ശ്രീ അനിൽ കുമാർ ചോലക്കാട്ട് | അസി.എഞ്ചിനീയർ | 01-04-2020 | 15-05-2020 |
| ശ്രീ മൊയ്തു പി | അസി.എഞ്ചിനീയർ | 16-05-2020 | 15-07-2020 |

| | | | |
|---|---|---|---|
| ശ്രീ നൂറുദ്ധീൻ | അസി.എഞ്ചിനീയർ | 16-07-2020 | 05-10-2020 |
| ശ്രീ ഉഷാർ കൃഷ്ണൻ ജി | അസി.എഞ്ചിനീയർ | 06-10-2020 | 31-03-2021 |
| ശ്രീ.ഷുഹൈബ് തൊട്ടിയൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.വിശാഖ് വിശ്വം | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. പ്രസന്നകുമാർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 16-02-2021 |
| ഡോ.ഷാക്കിറ എൻ കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 17-02-2021 | 31-03-2021 |
| ഡോ. ഉഷാവത്ത് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 17-02-2021 |
| ഡോ.ഉമാ വേണു ഗോപാൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 18-02-2021 | 31-03-2021 |
| ഡോ. ഹൈദറലി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി. ദാക്ഷായണി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. ലെനിൻ പീറ്റർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.നസീമ. കെ | ഡയറി എക് സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Sakeena K (Auditor, On 28-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Sakeena K (Auditor, On 28-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Sakeena K (Auditor, On 29-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 1-10 |
| 11 | വാർഷിക കണക്ക്- അപാകതകൾ<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Sakeena K (Auditor, On 29-06-2022) | 1-11 |
| 12 | ആകെ മൂല്യനിർണ്ണയത്തിൽ പരിമിതപ്പെടുത്താതെ മുഴുവൻ തുകയും നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-12 |
| 13 | എയ്ഡഡ് സ്കൂളുകളിലെ ടോയ്‌ലറ്റ് നിർമ്മാണം - അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-13 |
| 14 | ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 1-14 |
| 15 | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു<br>Written By: ABDHU NAZER.P (Audit Officer, On 27-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 1-15 |
| 16 | കെ.എസ്.ഇ.ബി.യിലേക്കുള്ള നിക്ഷേപം<br>Written By: ABDHU NAZER.P (Audit Officer, On 28-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 1-15-1 |
| 17 | മൂർക്കനാട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 1-15-2 |

| | | |
|---|---|---|
| | Written By: ABDHU NAZER.P (Audit Officer, On 27-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | |
| 18 | വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് ആവർത്തനച്ചെലവുകൾ- മുൻകൂർ നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: ABDHU NAZER.P (Audit Officer, On 27-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-16 |
| 19 | അംഗൻവാടികളിലേക്ക് വാങ്ങി നൽകിയ സ്മാർട്ട് ടിവി യും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-17 |
| 20 | കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.<br>Written By: Sakeena K (Auditor, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-18 |
| 21 | വാടക പിരിവ് - അപാകതകൾ<br>Written By: Sakeena K (Auditor, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-19 |
| 22 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sakeena K (Auditor, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-20 |
| 23 | വ്യാപാര ലൈസൻസ് -അപാകതകൾ<br>Written By: Sakeena K (Auditor, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-21 |
| 24 | ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു<br>Written By: Sakeena K (Auditor, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-22 |
| 25 | അംഗൻവാടികളിൽ ചുമർ ചിത്രം-ക്രമപ്രകാരമുള്ള കിഴിവുകൾ വരുത്താതെ തുക നൽകി<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-23 |
| 26 | പ്ലാസ്റ്റിക് മാലിന്യ സംസ്കരണം-വാഹനവാടകയിൽ നിന്ന് വരുമാന നികുതി ഈടാക്കിയിട്ടില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-24 |
| 27 | മരാമത്ത് പ്രവൃത്തികൾ -അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-25 |
| 28 | അനുപൂരക പോഷകാഹാര പദ്ധതി -ജി.എസ്.ടി-ടി.ഡി.എസ്.കുറവ് ചെയ്തിട്ടില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-26 |
| 29 | കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തുനികുതി ഈടാക്കിയില്ല.<br>Written By: Sakeena K (Auditor, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-27 |
| 30 | സ്റ്റോക്ക് വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല<br>Written By: ABDHU NAZER.P (Audit Officer, On 28-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-28 |
| 31 | ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയനിഷ്ഠ പാലിച്ചിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 28-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 1-29 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| | ഭാഗം **3** | |
| 1 | ആകെ മൂല്യനിർണ്ണയത്തിൽ പരിമിതപ്പെടുത്താതെ തുക നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Sakeena K (Auditor, On 28-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Sakeena K (Auditor, On 28-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Sakeena K (Auditor, On 22-06-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Sakeena K (Auditor, On 28-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Abdul Sathar C.P (Audit Officer, On 23-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Sakeena K (Auditor, On 28-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 28-06-2022) | 4-8 |
| 9 | ചാർജ്,സർചാർജ് നടപടികളുടെ വിവരം<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Sakeena K (Auditor, On 22-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sakeena K (Auditor, On 22-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1)/ 19.03.2020 | 2(1)/ 19.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | ILGMS | - | - |

## 1-3 സാമ്പത്തിക വിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 4,85,36,810 |
| വരവ് | 9,99,84,496 |
| ആകെ | 14,85,21,306 |
| ചെലവ് | 10,82,20,625 |
| നീക്കിയിരിപ്പ് | 4,03,00,681 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19091035 | 19091035 | 19073498 | 17537 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3934073 | 3934073 | 3913166 | 20907 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 13460000 | 13460000 | 10314702 | 3145298 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6884656 | 6884656 | 6541148 | 343508 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 9490000 | 9490000 | 10478613 | -988613 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 9490000 | 9490000 | 3170947 | 6319053 |
| ബി ഫണ്ട് | 0 | 98713800 | 98713800 | 98713800 | 98713800 |

## 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 361 | 139882794 | 287 | 79649645 | - | 74 | 79.5 |

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 957575 | 957575 | 883475 | 74100 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21494379 | 21494379 | 21494379 | 0 |

കുറിപ്പ്: എൻ.ആർ.ഇ. ജി.എസ്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ടി- വരവ് ചെലവുകൾ എ.എഫ്.എസ്.ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക- 1-11 കാണുക)

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 5723600 | 280 |
| വിധവാ പെൻഷൻ | 34124800 | 1808 |
| വാർദ്ധക്യകാല പെൻഷൻ | 46564100 | 2748 |
| വികലാംഗ പെൻഷൻ | 11019400 | 598 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 892900 | 49 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 50 രൂപയുടെ വ്യത്യാസം കണ്ടു.ഡേബുക്കും കളക്ഷൻ തുകയും തമ്മിലുള്ള വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

1. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. മോണിറ്ററിംഗ് ഫലപ്രദമായി നടത്തിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതുണ്ട്.

3. തെരുവ് വിളക്കുകളുടെ പരിപാലനം കൃത്യമായി നിരീക്ഷിക്കുന്നതിനും അവയുടെ മെയിന്റനന്സ് മോണിറ്റർ ചെയ്യുന്നതിനും കൃത്യമായ സ്ഥിതി വിവരക്കണക്കുകൾ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം. ഇനം, ലോക്കേഷൻ എന്നിവ ഉൾപ്പെടുത്തി ഇപ്രകാരം റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. വെറ്ററിനറി സർജൻ പ്രോജക്ട് റജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/6/22-7/6/22 | 1/4/2022-31 /5/2022 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| എ.ജി ഓഡിറ്റ് | 27/6/2013 | 1997-98 മുതൽ 2007-08 വരെ | 13-4-2015 |

## 1-11 വാർഷിക കണക്ക്- അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2) ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ യഥാസമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3)അക്കൗണ്ട്സ് റൂളിലെ, ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട്.

4). കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4)എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

5)ഗ്രാമപഞ്ചായത്തിൽ ILGMS ൽ PDE (Past Data Entry ) ചെയ്ത ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സാംഖ്യയിലെയും ILGMS ആരംഭിച്ച സമയത്തെ ILGMS ലെയും വിവരങ്ങൾ പൂർണ്ണമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

6). Total Sanitation Campaign ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക (B-4) നീക്കിയിരുപ്പുമായി (RP -40(b)) പൊരുത്തപ്പെടുന്നില്ല.

7. സംയുക്ത പദ്ധതി ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക (B-4) നീക്കിയിരുപ്പുമായി (RP -40(b)) പൊരുത്തപ്പെടുന്നില്ല.

8)B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

| Head Code | ഇനം | 31.03.2021 ലെ നീക്കിയിരുപ്പ് |
|---|---|---|
| 320100105 | Awards &Honours-central Government | 200000 |
| 320100121 | Integrated Child Protection Scheme | 3171991 |
| 320100999 | Other Liabiilities | 27418 |
| 320200205 | Fund For Transferred Institution-social Justice-capital | 34000 |
| 320200399 | Grants,funds&Contributions For Specific Purposes-other Than Development Fund &State Sponsored Scheme Fund -Other Purposes | 948745 |
| 320300199 | Grants,funds&Contributions For Other Specific Purposes-other Govt Agencies | 323485 |

9)ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (2746238) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (8236129) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12)വ്യാപാര ലൈസൻസ് രജിസ്റ്റർ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13)വാടക രജിസ്റ്റർ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

14) ലൈഫ് ഭവന പദ്ധതിക്കായി KURDFC ൽ നിന്ന് ലോൺ എടുത്തിട്ടുണ്ടെങ്കിലും, ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

15) ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of

Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)

16)വാർഷിക കണക്കിലെ ലെഡ്ജർ ട്രയൽ ബാലൻസിലെ ക്ളോസിംഗ് ബാലൻസിൽ ഡെബിറ്റിലും ക്രെഡിറ്റിലും തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

17)LGSTSB-Subtreasury (A/c No 799013000000455)എന്നീ അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.ആയതിനാൽ ബാങ്ക് റിക്കൻസിലേഷന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

18)എൻ.ആർ.ഇ. ജി.എസ്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ എ.എഫ്.എസ്.ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

19)വിവിധ ഏജൻസികൾക്ക്(KSEB,KWA) നൽകിയ ഡെപ്പോസിറ്റ് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (13/27-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 ആകെ മൂല്യനിർണ്ണയത്തിൽ പരിമിതപ്പെടുത്താതെ മുഴുവൻ തുകയും നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മുക്ത്യാർകുണ്ട് കുളിക്കടവ് നിർമ്മാണം എന്ന പ്രവൃത്തിയിൽ (പ്രൊജക്റ്റ് 132/21) കരാറുകാരന് ആകെ മൂല്യ നിർണ്ണയത്തിൽ പരിമിതപ്പെടുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|
| പ്രവൃത്തി-മുക്ത്യാർകുണ്ട് കുളിക്കടവ് നിർമ്മാണം<br>പ്രൊജക്റ്റ് നമ്പർ- 132/21<br>സാങ്കേതികാനുമതി- 400000<br>ഫണ്ടിനം- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -200000<br>മെയിന്റനൻസ് ഗ്രാന്റ് റോഡ്-200000<br>കരാറുകാരൻ - ശ്രീ. മൊയ്തു.കെ<br>കോസ്റ്റ് ഇൻഡക്സ്- 31.06%<br>ക്വാട്ട് ചെയ്ത നിരക്ക്-എസ്റ്റിമേറ്റ് നിരക്ക്<br>എം ബുക്ക് നം.140/19-20 | ആകെ മൂല്യ നിർണ്ണയം -354048.37<br>12% GST 42485.80<br>---------------<br>396534<br>CGST 1% 3965<br>IGST 1% 3965<br>IT 1% 3965<br>Kcwwf 1% 3965<br>-----------------<br>380674<br>നൽകിയ തുക<br>BRN 20151152013601191281/5.3.21-200000<br>BRN 2015112013601191279/5.3.21 -200000<br>----------------------<br>400000 | 3466<br>(400000 -396534) |

അധികം നൽകിയ 3466 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 2/25.6.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്

## 1-13 എയ്ഡഡ് സ്കൂളുകളിലെ ടോയ്‌ലറ്റ് നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്തിലെ AMLP സ്കൂൾ വാഴേങ്ങൽ,AMLP സ്കൂൾ പടിഞ്ഞാറ്റുമുറി എന്നീ എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി പ്രൊജക്റ്റ് നം 135/21പ്രകാരം 520000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും AMLP സ്കൂൾ വാഴേങ്ങലിൽ 204648 രൂപ ചെലവഴിച്ച് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.പ്രസ്തുത പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം എന്നിവ സംബന്ധിച്ച് പരിശോധനയിൽ

കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കുന്നത്. എന്നാൽ പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ടോയ്‌ലറ്റുകൾ, മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്നിവ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ പ്രവൃത്തി ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

2. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ നിലവിൽ എത്ര ടോയ്‌ലറ്റുകൾ ലഭ്യമാണ്, ഇനി ആവശ്യമുള്ളത് എത്ര എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തിയതായി കാണുന്നില്ല.

3.എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

4.2 സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിക്കാൻ ഫണ്ട് വകയിരുത്തിയെങ്കിലും 1 സ്കൂളിൽ മാത്രമാണ് ടോയ്‌ലറ്റ് നിർമമിച്ചിട്ടുള്ളത്.

പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെക്ക് നമ്പർ, തുക |
|---|---|
| അല്ലൂർ AMLP സ്കൂൾ വാഴങ്ങൽ ഗേൾസ് (135/20-21)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് അമീൻ<br>കരാർ 122/2019-20 തി. 12.2.20<br>ഫണ്ട്- ശുചിത്വമിഷൻ ഫണ്ട് | ചെക്ക് നം 188611/9.12.20 തുക 202601<br>2941348/24.3.21 തുക 2047<br>ആകെ – 204648 രൂപ |

മേൽ സൂചിപ്പിച്ച 1,2,3 ,4 അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 2/25.6.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.
മേൽ അപാകതകൾക്ക് പ്രഥമ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല.

2020-21 വർഷത്തിൽ 5 ലക്ഷത്തിനു മുകളിലുള്ള താഴെപ്പറയുന്ന പ്രവർത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവർത്തി | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫോറം വില |
|---|---|---|
| സെന്റർ നം 84,107,117,105 എന്നീ അംഗൻവാടികളുടെ പുനരുദ്ധാരണം(പ്രൊജക്ട് നം.369/21) | 2 | 1700x2=3400 |
| ചെറുകുളമ്പ അംഗൻവടി കെട്ടിട നിർമ്മാണം റോഡ്(357/21) | 5 | 1400x5=7000 |
| തെക്കും കുളമ്പ് അണക്കേരം കുന്ന് റോഡ് നവീകരണം(263/21)) | 4 | 1100x4-4400 |
| കെ.എസ്.കെ.എ.എം യു.പി സ്കൂളിൽ ടോയ് ലറ്റ് നിർമ്മാണം(395/21) | 2 | 1100x2=2200 |
| ആകെ | | 17000 |

ടെണ്ടർ ഫോം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ടിൽ നിന്നും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം 21, തി.27.6.2022)

## 1-15 വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു

ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ടി- തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രമോ പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

മേൽ തുകകൾക്കുള്ള വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം അതാത് സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 3/27.6.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 2403262 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 1-15-1 കെ.എസ്.ഇ.ബി.യിലേക്കുള്ള നിക്ഷേപം

| പ്രോജക്ടിന്റെ പേരും നമ്പരും | തുക നൽകിയ സ്ഥാപനം | നൽകിയ തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|
| 1,2,22 എന്നീ വാർഡുകളിലേക്ക് ജലനിധി കുടിവെള്ള പദ്ധതിക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (404/21) | കെ.എസ്.ഇ.ബി, മലപ്പുറം ഈസ്റ്റ് | 703262 (സി.എഫ്.സി) | ബിൽ നം. 21/28.1.2021 |
| കണ്ണാത്ത്- ആറണ്ണ് സിംഗിൾ ഫേസ് വൈദ്യുതി ത്രീഫേസ് ആക്കി മാറ്റൽ (321/21) | കെ.എസ്.ഇ.ബി, ചട്ടിപ്പറമ്പ് | 100000 (തനത്) | ചെക്ക് നമ്പർ- 1602357/17.2.2021 |
| ആകെ | | 803262 | |

### 1-15-2 മൂർക്കനാട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ

| പ്രോജക്ടിന്റെ പേരും നമ്പരും | തുക നൽകിയ സ്ഥാപനം | നൽകിയ തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|
| മൂർക്കനാട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (3,7,12,16,20 എന്നീ വാർഡുകളിൽ ) (360/21) | കേരള വാട്ടർ അതോറിറ്റി | 1600000 (സി.എഫ്.സി.) | ബിൽ നം. 19/28.1.2021 |

## 1-16 വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് ആവർത്തനച്ചെലവുകൾ- മുൻകൂർ നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് / ദൈനം ദിന ചെലവുകൾക്ക് വേണ്ടി പണം മുൻകൂറായി നൽകുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 300000 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും (പ്രോജക്ട് നമ്പർ- 5/21) 237008 രൂപ ചുവടെ ചേർത്തിട്ടുള്ള വിധം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 1 | 7/18.6.2020 | 40000 | മെഡിക്കൽ ഓഫീസർ, ഹോമിയോ കൈപറ്റി. |
| 2 | 8/29.6.2020 | 25000 | കൃഷി ഓഫീസർ കൈപറ്റി |

| | | | |
|---|---|---|---|
| 3 | 12/28.9.2020 | 25000 | കൃഷി ഓഫീസർ കൈപറ്റി |
| 4 | 15/15.12.2020 | 58000 | മെഡിക്കൽ ഓഫീസർ- പി.എച്ച്.സി-8000<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ-50000 |
| 5 | 20/25.1.2021 | 89008 | ഹെഡ്മാസ്റ്റർ- 14008<br>വെറ്ററിനറി സർജൻ- 75000 |
| ആകെ | | 237008 | |

മുൻകൂർ കൈപറ്റുന്ന സ്ഥാപന മേധാവികൾ തുകയുടെ വിനിയോഗ സാക്ഷ്യപത്രം സെക്രട്ടറിക്ക് നൽകേണ്ടതാണെന്നും ചെലവ് രേഖകൾ സ്ഥാപന മേധാവികൾ സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നും ജി.ഒ.(എം.എസ്).22/2018/ത.സ്വ.ഭ.വ, തി-14.2.2018 നമ്പർ സബ്സിഡി മാർഗ്ഗരേഖ, ഖ-8.8 ൽ വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ക്രമ നം.1 ലെ 40000 രൂപ ,ക്രമ നം.2 ലെ 25000 രൂപ, ക്രമ നം.5 ലെ 14008 രൂപ എന്നിവ ഒഴികെയുള്ള തുകകൾക്ക് അതാത് സ്ഥാപനമേധാവികൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 4/27.6.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ചെലവ് തുക 158000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 അംഗൻവാടികളിലേക്ക് വാങ്ങി നൽകിയ സ്മാർട്ട് ടിവി യും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓൺലൈൻ ക്ലാസ്സുകൾക്കായി കെ.എസ്.എഫ്.ഇ. യുമായി ചേർന്ന് അങ്കണവാടികൾക്ക് സമാർട്ട് ടി.വി.യും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 44 അങ്കണവാടികൾക്കായി 13490 രൂപ വിലയുള്ള 32" വലിപ്പത്തിലുള്ള SAMSUNG LED TV (Model-32T4310) 44 എണ്ണമാണ് വാങ്ങിയത്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ- 373/21

അടങ്കൽ- 740000 ( 300000 – തനത്, 440000- കെ.എസ്.എഫ്.ഇ . വിഹിതം)

ചെലവ് തുക 593560 (153560 – തനത്, 440000- കെ.എസ്.എഫ്.ഇ . വിഹിതം)

ചെക്ക് നമ്പർ- 1602321/16.9.2020

എന്നാൽ മേൽ ടി.വി.കളും അനുബന്ധങ്ങളും ഗ്രാമ പഞ്ചായത്ത് സ്റ്റോക്കിലെടുത്തതായി രേഖയില്ല. അങ്കണവാടികളുടെ സ്റ്റോക്കിലും ആയത് ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല ആയത് ഉപയോഗപ്പെടുത്തുന്നതിന് കേബിൾ കണക്ഷൻ നൽകിയതായും വിവരമില്ല.

മേൽ ടി.വി. കൾ നിലവിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്നത് സംബന്ധിച്ചും ആയത് സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 5/27.6.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ടി.വി.കളും അനുബന്ധങ്ങളും അങ്കണവാടികളുടെ സ്റ്റോക്കിലെടുത്തതിന്റെയും ഓൺലൈൻ ക്ലാസുകൾക്ക് പ്രയോജനപ്പെടുത്തുന്നതിന്റെയും വസ്തുതാപരമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-18 കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കൾ 282 പ്രകാരം റവന്യൂ ഡെപ്പോസിറ്റുകൾ ഫേം പിരിയേഡ് കഴിഞ്ഞ് മൂന്ന് വർഷത്തിനകം ക്ലെയിം ചെയ്യേണ്ടതും, അല്ലാത്തപക്ഷം ആയത് കാലഹരണപ്പെടുന്നതും, തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതുമാണ്. എന്നാൽ വിവിധ ഇനങ്ങളിലായി പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും, കാലഹരണപ്പെട്ടതുമായ റവന്യൂ ഡെപ്പോസിറ്റുകൾ സമയ ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. AFS പ്രകാരമുള്ള റവന്യൂ ഡെപ്പോസിറ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഡെപ്പോസിറ്റ് ഇനത്തിൽ അവശേഷിക്കുന്ന തുക |
|---|---|
| Contractors EMD | 15300 |
| Suppliers EMD | 26513 |
| Bidders EMD | 32910 |

| | |
|---|---|
| Contractors Security Deposit | 41230 |
| Suppliers Security Deposit | 60350 |
| Contractors Retension | 28802 |
| Auction Deposit | 33230 |
| Other Deposit | 594 |
| Suppliers EMD | 70490 |
| Deposit Received From Others | 1000 |

മേൽ റവന്യൂ ഡെപ്പോസിറ്റുകളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1996-97 സാമ്പത്തിക വർഷം മുതലുള്ള ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ലെന്ന് കാണുന്നു. ആയത് മൂലം സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ബാധ്യതയായി നിലനിൽക്കുന്നു. കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ സമയ ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (10/27-6-22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 വാടക പിരിവ് - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പിരിവ് പരിശോധിക്കുന്നതിന്റെ ഭാഗമായി വാടക രജിസ്റ്റർ , ഫയൽ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1). പഞ്ചായത്തിന്റെ ആസ്തിയായുള്ള കടമുറികളുടെ അടിസ്ഥാന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.പഞ്ചായത്തിന്റെ വാടകക്ക് നൽകുന്ന റൂമുകളുടെ എണ്ണം വ്യക്തമല്ല.

2). ഗ്രാമപഞ്ചായത്തിന്റെ വിവിധ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല.

3).വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.വാടക പിരിവ് വാർഷിക സംഗ്രഹം എഴുതിയിട്ടില്ല.

4).2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ ചമച്ചിട്ടില്ല.

5 )വാടകക്കനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ പുനർ നിർണ്ണയിച്ചിട്ടില്ല. ലേല വ്യവസ്ഥ 6 പ്രകാരം കടമുറികൾക്ക് ലേലം ഉറപ്പിക്കുമ്പോൾ മൂന്ന് മാസത്തെ വാടകയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റായി പഞ്ചായത്തിൽ അടവാക്കേണ്ടത്. 5ശതമാനം വർദ്ധനവോടു കൂടി വാടകകരാർ പുതുക്കുമ്പൾ വാടക വർദ്ധനവിനാനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് പുതുക്കി വാങ്ങിയിട്ടില്ല. റൂമുകൾ ലേലത്തിൽ പിടിക്കുമ്പോൾ ടിയാളുകളുടെ കയ്യിൽ നിന്നും വാങ്ങിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് എത്രയാണെന്നത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

6)ഒഴിഞ്ഞു കിടക്കുന്ന 7/271 കടമുറി ലേലം മുഖേന കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) 7/265 എന്ന കടമുറി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കടമുറി ആണെങ്കിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വാടക രജിസ്റ്ററിൽ കാണുന്നില്ല. ഈ കടമുറിക്ക് 2020-21 ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (12/27-6-22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 തൊഴിൽ നികുതി ഈടാക്കിയില്ല

1)2020-21 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു (അടവിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല)

| ക്രമ നം | ജീവനക്കാരുടെ /സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|---|
| 1 | അമാൽ വി<br>പോസ്റ്റ് ഓഫീസ്,പാങ്ങ്, ചേണ്ടി | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |

| | | |
|---|---|---|
| 2 | ഫോർ യു സൂപ്പർമാർക്കറ്റ് (ജീവനക്കാർ ) | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 3 | ലാസ്കാനിയ പോളിമേർസ് (ജീവനക്കാർ ) | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |

2)2020-21 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ ,അപേക്ഷ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 400 | സമൃദ്ധം ന്യൂട്രിമിക്സ് | 10 |
| 2 | 458 | ഹൈമാർട്ട്,പടപ്പറമ്പ് സൂപ്പർ മാർക്കറ്റ് | 15 |
| 3 | 268 | വിപി മാർക്കറ്റ്,ചട്ടിപ്പറമ്പ് | 16 |
| 4 | 306 | പടപ്പറമ്പ് പെട്രോളിയം | 4 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (21/28-6-22)മറുപടി ലഭ്യമാക്കിയിട്ടില്ല.കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.
മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 വ്യാപാര ലൈസൻസ് -അപാകതകൾ

2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതും പുതുക്കി നൽകുന്നതുമായ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

1. ചുവടെ ചേർത്ത ആളുകൾ പഞ്ചായത്തിന്റെ കടമുറികൾ വാടകയ്ക്കെടുത്തിട്ടുണ്ട് എന്നാൽ വ്യാപാര ലൈസൻസ് എടുത്തതായി കാണുന്നില്ല .

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ശ്രീ സുനിൽ കുമാർ പുള്ളിയിൽ (വീട്) | 7/270 |
| 2 | ശ്രീമതി ശ്രീജ,സെക്രട്ടറി,കുറുവ പ്രിന്റിംഗ് പ്രസ്സ് വർക്ക്സ് ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 7/267,7/268 |
| 3 | ശ്രീ ആലപ്ര രാജൻ,പാങ് | 7/263 |
| 4 | ശ്രീമതി സുഭദ്ര കമ്മത്ത് ,സെക്രട്ടറി ,കുടുംബശ്രീ വനിത കാന്റീൻ | 7/474 |

വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

### 2. റേഷൻകടകൾ-ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന്

അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ റേഷൻ കടകൾക്കും നിയമപ്രകാരം നോട്ടീസ് നൽകി ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (9/27-6-22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു

2020-21 ലെ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും വ്യാപാര ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ , ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യങ്ങൾക്കുള്ളതായി കാണുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ | കെട്ടിട നംമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമ, തരം |
|---|---|---|---|
| 287 | 8/390 | പലചരക്ക് കച്ചവടം | PARAKOOTHE VASU<br>(പാർപ്പിടം) |
| 114 | 13/273 | PK ASSOCIATES,ENGINEERS&CONTRACTORS | (പാർപ്പിടം)<br>PARAYIL HASSAN |
| 250 | 15/358 | റോയൽ ഇമിറ്റേഷൻസ്,പാങ് | CHALATHODI ABDU ALIAS BAPPU HAJI<br>(പാർപ്പിടം) |
| 43 | 5/253 | AG സിമന്റ് പ്രൊഡക്ട് | (പാർപ്പിടം)<br>MUSTHAFA |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/27-6-22)മറുപടി ലഭ്യമാക്കിയിട്ടില്ല.ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ വിനിയോഗക്രമം കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ ഉപയോഗത്തിനനുസരിച്ച് വസ്തു നികുതി പുനർനിർണ്ണയം നടത്തിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 അംഗൻവാടികളിൽ ചുമർ ചിത്രം-ക്രമപ്രകാരമുള്ള കിഴിവുകൾ വരുത്താതെ തുക നൽകി

പ്രൊജക്ട് : അംഗൻവാടികളിൽ ചുമർ ചിത്രം

നം : S0138/2021

അടങ്കൽ - 4,95,000 (MG-NR)

ബിൽ നം. 21/26-03-2021 : 4,95,000

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 31 അംഗൻവാടികളിൽ ചുമർ ചിത്രം വരച്ചതിന്റെ തുകയായി 4,95,000 രൂപ കീർത്തി യൂണിഫോം ആൻറ് മാച്ചിംഗ് സെൻറർ, പയ്യന്നൂരിന് നൽകിയിട്ടുണ്ട്.

G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. ആയത്

(27,225രൂപ) പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ 1.5% വരുമാന നികുതി, 1% KCWWFഎന്നിവ ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 15/27-06-2022 ന് ലഭ്യമാക്കിയ മറുപടിയിൽ, 2.5% ഡെപ്പോസിറ്റ് തുക ഈടാക്കിയതിന്റെ വിവരം മാത്രമാണ് ലഭ്യമാക്കിയത്.

## 1-24 പ്ലാസ്റ്റിക് മാലിന്യ സംസ്കരണം-വാഹനവാടകയിൽ നിന്ന് വരുമാന നികുതി ഈടാക്കിയിട്ടില്ല

പ്രൊജക്ട് : പ്ലാസ്റ്റിക് മാലിന്യ സംസ്കരണം - ക്ലീൻ കുറവ-ഗ്രീൻ കുറവ പദ്ധതി (വി.ജി.എഫ്) രണ്ടാം ഘട്ടം

നം : S0409/2021

അടങ്കൽ - 1,40,000 (തനത് ഫണ്ട്)

ചെക്ക് നം. 3167146/27-03-2021 : 1,35,900

വി.ഇ.ഒ. നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൻ കീഴിൽ 2019 ജൂലൈ മുതൽ 2020 ജനവരി വരെയുള്ള കാലയളവിൽ ഹരിതകർമ്മ സേനക്കായി ഉപയോഗിച്ച വാഹനത്തിന് 1,35,900 രൂപ വാടകയിനത്തിൽ ശ്രീ.ഷാഹുൽ ഹമീദിന് നൽകിയിട്ടുണ്ട്.

എന്നാൽ ആയതിൽ നിന്നും ഇൻകം ടാക്സ് നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 0.75% വരുമാന നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് 14/27-06-2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-25 മരാമത്ത് പ്രവൃത്തികൾ -അവലോകനം

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്ക ിയില്ല.

2020- 21വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 255 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 208 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷം ചെലവ് വന്നിട്ടുള്ളത്. 47 പ്രോജക്ടുകൾ ഓഡിറ്റ് വർഷം പൂർത്തീകരിക്കാനായിട്ടില്ല. 109 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയിരുന്നെങ്കിലും ഇതിൽ 10പദ്ധതികൾ ഈ വർഷവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 255 | ആകെ അടങ്കൽ | 56923448 |
| നടപ്പിലാക്കിയത് | 208 | ചെലവ് | 39994662 |
| ശതമാനം | 81.56% | ചെലവ് ശതമാനം | 70.26% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്.

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല .

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

III .പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലയളവ് എഗ്രിമെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല.തുടർന്നുള്ള വർഷങ്ങളിൽ പ്രവൃത്തി നടത്തിപ്പിൽ PWD മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

IV-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

(V) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

VI) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല .

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്കഷിക്കുന്നില്ല.പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.

1എഗ്രിമെന്റ് രജിസ്റ്റർ

എഗ്രിമെന്റ് രജിസ്റ്ററിൽ Probable Amount Of Contract,Amount Of Security,Agreed Date Of Completion എന്നീ വിവരങ്ങൾ എഴുതുന്നില്ല.

2) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ഹാജറാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ച നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 21തീ.27.6.2022)

## 1-26 അനുപൂരക പോഷകാഹാര പദ്ധതി -ജി.എസ്.ടി-ടി.ഡി.എസ്.കുറവ് ചെയ്തിട്ടില്ല

പ്രോജക്ട്: അനുപൂരക പോഷകാഹാര പദ്ധതി

നം : 09/2021

അടങ്കൽ- : 65,01,000

ചെലവ് : 61,92,327

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

GSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 2,50,000ത്തിനു മുകളിലുള്ള പർചേയ്സിൻ മേൽ 2% ടി.ഡി.എസ്. കുറവു ചെയ്യേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള അംഗനവാടകളിലേക്കാവശ്യമായ ന്യൂട്രിമിക്സ് മേൽ പ്രൊജക്ട് പ്രകാരം സമൃദ്ധം ന്യൂട്രിമിക്സ് യൂനിറ്റ്, പാങ്ങ് എന്ന സ്ഥാപനത്തിൽൽ നിന്നും വാങ്ങിയപ്പോൾ ഇപ്രകാരം ടി.ഡി. എസ്. കുറവു ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു-

| ക്രമ നമ്പർ | ചെക്ക്/ബിൽ നം തുക | ഇൻവോയ്സ് നം,തീയതി | ന്യൂട്രിമിക്സ് | നൽകിയ തുക (GST ഒഴികെ) |
|---|---|---|---|---|
| 1 | 347/17-02-2021 | 106/05-12-2020 | 4161.5 | 104574 |
| | | 110/08-01-2021 | 3746 | 262220 |
| 2 | 20/22-02-2021 | 106/05-12-2020 | 4161.5 | 291305 |
| 3 | 04/29-05-2020 | 65/09-02-2021 | 2970 | 207900 |
| 4 | 06/09-07-2020 | 82/29-04-2020 | 3591 | 251370 |

| | | | | |
|---|---|---|---|---|
| | | 79/23-04-2020 | 3591 | 251370 |
| 5 | 07/19-07-2020 | 85/01-06-2020 | 4387 | 307090 |
| 6 | 1602315/18-08-2020 | 87/28-06-2020 | 3591 | 251370 |
| 7 | 09/18-09-2020 | 94/10-08-2020 | 4303 | 301210 |
| 8 | 11/23-04-2020 | 97/02-09-2020 | 4324.5 | 302715 |
| 9 | 281/07-11-2020 | 104/06-11-2020 | 4521.5 | 3334591 |
| 10 | 741/27-03-2021 | 113/04-02-2021 | 3746 | 262220 |
| | | | ആകെ | 6127935 |

അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 16/27-06-2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകി.

## 1-27 കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തുനികുതി ഈടാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിക്കാതെ ശ്രീമതി റുഖിയ്യ അവറാൻ മുതൽപേർ എന്നിവരുടെ ഉടമസ്ഥതയിൽ 1-30,95/1-32സർവ്വെ നമ്പറിലുള്ള സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച 897.04 ച.മീ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 861.56ച.മീ വിസ്തീർണ്ണത്തിന് മാത്രമെ നികുതി ചുമത്തിയിട്ടുള്ളൂ. ( കെട്ടിട നമ്പർ.18/89 A To H,J ToN,P To Z,AA To AH,AJ ,AK,AM,APto AR) ആകെ വിസ്തീർണ്ണത്തിൽ നിന്നും കുറവ് വരുത്തി നികുതി ചുമത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (11/27-6-22)മറുപടി ലഭ്യമാക്കിയിട്ടില്ല.വസ്തു നികുതി കണക്കാക്കുമ്പോൾ ചട്ടപ്രകാരമുള്ള കെട്ടിടത്തിന്റെ എല്ലാ ഭാഗത്തിനും നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽ കെട്ടിടത്തിനു വസ്തുനികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-28 സ്റ്റോക്ക് വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല

ഓഡിറ്റ് എൻക്വയറി നമ്പർ- 6/27.6.2022

കേരള ഫിനാൻഷ്യൽ കോഡ്- ആർട്ടിക്കിൾ-147, 149(1), 150, 152, 153, 158, 161 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സ്റ്റോറുകൾ കൈപറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിക്കേണ്ടതും സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതും സ്റ്റോക്കിൽ എടുക്കേണ്ടതും സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണീച്ചറുകൾ, കംമ്പ്യൂട്ടർ എന്നിവയ്ക്കും പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും പ്രത്യേകം പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതുമാണ്. സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്ത് തന്നെ സ്റ്റോക്ക് അക്കൗണ്ടിൽ വിവരം രേഖപ്പെടുത്തേണ്ടതും വർഷത്തിലൊരിക്കലെങ്കിലും സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്റ്റോറുകൾ കൈപറ്റുമ്പോൾ മേൽ നിർദ്ദേശം പാലിക്കുന്നില്ലെന്ന് വ്യക്തമാകുന്നു.

ഉദാ-

ചുവടെ ചേർത്ത വൗച്ചറുകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് അളവ് പുസ്തകങ്ങളും ഔട്ട് ഡോർ രശീതി പുസ്തകങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ ടി- സാധനങ്ങൾ സ്റ്റോക്കിലെടുത്തതായോ ഇഷ്യൂ ചെയ്തതായോ സ്റ്റോക്ക് റജിസ്റ്ററിൽ വിവരം ചേർത്തിട്ടില്ല.

| ക്രമ നമ്പർ | വാങ്ങിയ സാധനങ്ങൾ | ചെലവ് തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | എം.ബുക്കുകൾ- (100 പേജ്- 75 എണ്ണം) | 3608 | 22000119/28.11.20 |
| 2 | എം.ബുക്കുകൾ- (100 പേജ്- 25 എണ്ണം)<br>എം.ബുക്കുകൾ- (50 പേജ്- 50 എണ്ണം)<br>എം.ബുക്കുകൾ- (25 പേജ്- 200എണ്ണം)<br>എ4- ഷീറ്റ്- 100 പായ്ക്കറ്റ് | 73782 | 22000137/2.12.20 |

| | | | |
|---|---|---|---|
| 3 | ഔട്ട് ഡോർ രശീതി ബുക്കുകൾ- 25 എണ്ണം | 2943 | 22000320/6.2.2021 |

മേൽ ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതും സ്റ്റോക്ക് റജിസ്റ്റർ പരിപാലിക്കുന്നതിൽ കണിശത പുലർത്തേണ്ടതുമാണ്.

## 1-29 ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയനിഷ്ഠ പാലിച്ചിട്ടില്ല.

1989 ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ട്, വകുപ്പ്- 48(1) പ്രകാരം ,ലൈബ്രറി സെസ്സിനത്തിൽ ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടില്ലെങ്കിൽ 2 ശതമാനം പിഴ ഒടുക്കണമെന്ന് നിഷ്കർശിക്കുന്നുണ്ട്. സെക്രട്ടറിയും പ്രസിഡണ്ടും അത്തരത്തിലുള്ള വൈകലിന് ബാധ്യസ്ഥരായിരിക്കുമെന്നും വ്യക്തമാക്കുന്നുണ്ട്. ഓരോ അർദ്ധ വർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടക്കേണ്ടതാണെന്ന് 29.12.2000 ലെ ത.സ്വ.ഭ.വ സർക്കുലർ നമ്പർ 17263 ലും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷത്തെ ലൈബ്രറി സെസ് ടി സാമ്പത്തിക വർഷത്തിൽ അടവാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം 30.9.2020 ന് അവസാനിക്കുന്ന അർദ്ധ വർഷത്തിൽ 76541 രൂപ ലൈബ്രറിസെസ്സിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. ആയത് സമയപരിധിക്കുള്ളിൽ അടവാക്കിയിട്ടില്ല.

ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയപരിധി പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 17/27.6.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയപരിധി പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇക്കാര്യത്തിൽ വീഴ്ച വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ആകെ മൂല്യനിർണ്ണയത്തിൽ പരിമിതപ്പെടുത്താതെ തുക നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുക്ക്യാർകുണ്ട് കുളിക്കടവ് നിർമ്മാണം എന്ന പ്രവൃത്തിയിൽ (പ്രൊജക്ട് 132/21) കരാറുകാരന് ആകെ മൂല്യ നിർണ്ണയത്തിൽ പരിമിതപ്പെടുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|
| പ്രവൃത്തി-മുക്ക്യാർകുണ്ട് കുളിക്കടവ് നിർമ്മാണം<br>പ്രൊജക്ട് നമ്പർ- 132/21<br>സാങ്കേതികാനുമതി- 4,00,000<br>ഫണ്ടിനം- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -2,00,000<br>മെയിന്റനൻസ് ഗ്രാന്റ് റോഡ്-2,00,000<br>കരാറുകാരൻ - ശ്രീ. മൊയ്തു.കെ<br>കോസ്റ്റ് ഇൻഡക്സ്- 31.06%<br>ക്വാട്ട് ചെയ്ത നിരക്ക്-എസ്റ്റിമേറ്റ് നിരക്ക്<br>എം ബുക്ക് നം.140/19-20 | ആകെ മൂല്യ നിർണ്ണയം -3,54,048.37<br>12% GST 42,485.80<br>---------------<br>3,96,534<br>CGST 1% 3965<br>IGST 1% 3965<br>IT 1% 3965<br>Kcwwf 1% 3965<br>-----------------<br>380674 | 3,466<br>(4,00,000 -3,96,534) |

| | | |
|---|---|---|
| | നൽകിയ തുക<br>BRN 201511520136011912 81/5.3.21-200000<br>BRN 20151120136011912 79/5.3.21 -200000<br>----------------------<br>400000 | |

അധികം നൽകിയ 3466 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 2/25.6.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2020-21 | 23.06.2022 മുതൽ 24.06.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 382500 | 162/21,നെൽകൃഷിക്ക് കൂലിചെലവ് | 382500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 475000 | 67/21, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 475000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 293575 | 16/21,ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 293575 | 0 |
| ബ്ലോക്ക് പഞ്ചായത്ത്- ആകെ: | | | **1151075** | |
| ജില്ലാ പഞ്ചായത്ത് | 382500 | 162/21,നെൽകൃഷിക്ക് കൂലിചെലവ് | 382500 | 382500 |
| ജില്ലാ പഞ്ചായത്ത്- ആകെ: | | | 382500 | |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചര്/ബില്/ ചെക്ക് നം. | മുന്കൂര്നല്കിയ തുക | ചെലവഴിച്ച തുക | പൂര്ത്തീകരിച്ച വിവരം | ചെലവഴിക്കാന്ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | കണ്ണാത്ത് ആറണ്ണ് സിംഗിൾ ഫേസ് വൈദ്യുതി ലൈൻ ത്രീ ഫേസ് | 1602357/17.2.21 | 100000 | 0 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 100000 |

| | | | | | | |
|---|---|---|---|---|---|---|
| | ആക്കി മാറ്റൽ | | | | | |
| KWA | മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ൽലൈൻ നീട്ടൽ | ബിൽനം.19/28.1.2021 | 1600000 | 0 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1600000 |
| KWA | ജലനിധി കുടിവെള്ള പദ്ധതിക്ക് ലൈൻ നീട്ടലും ട്രാൻസ്ഫോമർ സ്ഥാപിക്കലും | ബിൽനം.21/28.1.2021 | 703262 | 0 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 703262 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻ വർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2 | KURDFC | ലഭ്യമല്ല. | 1980000 | 1931696 | 659020 | 0 | 3252676 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-2000 | 36 | 2003-04 | | സോപ്പ് നിർമ്മാണ യൂണിറ്റ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| -- | -- | 2013-14 | | കുടിവെള്ള പദ്ധതികൾ പ്രവർത്തനാവലോകനം | -ടി |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയാസ്തികൾ-അവലോകനം | -ടി |
| 2016-17 | 2(2) | 2016-17 | | അനുബന്ധം | -ടി |
| 2017-18 | 3(3) | 2018-19 | | കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം പ്രവർത്തന ക്ഷമമായില്ല | -ടി |

## 4-9 ചാർജ്,സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക- ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് /സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | 1996-97 | 3-5 | ഇ. വനജാക്ഷി | LF 18613/SPL.CELL /SC3/2000 7.1.2002 | 492 | | 492 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 2 | 99-200 | | രജനി.പി. കൃഷി ഓഫീസർ | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-6614/ Special Cell /SC-5/2005 /31.5.2006 | 54048 | 0 | 54048 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 3 | 2006-07 | 2-1 | ടി.ദിലീപ് കുമാർ, സെക്രട്ടറി | ചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ Special Cell /SC-5/2010/2.5.12 | 7811 | | 7811 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 4 | 2006-07 | 3-11 | ടി.ദിലീപ് കുമാർ, സെക്രട്ടറി | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ Special Cell /SC-5/2010/2.5.12 | 51930 | | 51930 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ ) | : | 148521306 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 108220625 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3466 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 25,61,262 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3466 | ശ്രീ ഉഷാർ കൃഷ്ണൻ .ജി. അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 3466 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15-1 | 803262 | ശ്രീ. അനൂപ്കുമാർ. വി, സെക്രട്ടറി |
| 1-15-2 | 1600000 | ശ്രീ. അനൂപ്കുമാർ. വി, സെക്രട്ടറി |
| 1-16 | 158000 | 133000- ശ്രീ. അനൂപ്കുമാർ. വി, സെക്രട്ടറി<br>25000- ശ്രീമതി. ജയശ്രീ.ആർ, സെക്രട്ടറി |
| ആകെ | 25,61,262 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉഷാർ കൃഷ്ണൻ.ജി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കുറവ ഗ്രാമ പഞ്ചായത്ത് | ആലുന്നതിൽ വീട് വെൻകുളം,എടവ .പി.ഒ തിരുവനന്തപുരം 695311 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം 14/1383(1)/99 തിയ്യതി07.10.10 | 21 |
| 1997-98 | എൽ എഫ് എം 14/1382/99 തിയ്യതി 07.10.10 | 21 |
| 1998-99 | എൽ എഫ് എം 11/147/04 തിയ്യതി 07.10.10 | 13 |
| 1999-2000 | എൽ എഫ് എം 14/570/03 തിയ്യതി 07.10.10 | 14 |
| 2000-01 | എൽ എഫ് എം 11/571/03 തിയ്യതി 07.10.10 | 19 |
| 2001-02 | എൽ എഫ് എം 12/485/08 തിയ്യതി 07.10.10 | 25 |
| 2002-03 | എൽ എഫ് എം 12/2090/06 തിയ്യതി 07.10.10 | 13 |
| 2003-04 | എൽ എഫ് എം 12/2350/07 തിയ്യതി 07.10.10 | 13 |
| 2004-05 | എൽ എഫ് എം 12/1146/08 തിയ്യതി 07.10.10 | 16 |

| | | |
|---|---|---|
| 2005-06 | എൽ എഫ് എം 12/2120/09 തിയ്യതി 07.10.10 | 15 |
| 2006-07 | എൽ എഫ് എം 12/2121/09 തിയ്യതി 07.10.10 | 22 |
| 2007-08 | എൽ എഫ് എം 11/2041/10 തിയ്യതി 18.2.2011 | 14 |
| 2008-09 | എൽ എഫ് എം 11/2042/10 തിയ്യതി 16.3.11 | 5 |
| 2009-10 | എൽ എഫ് എം 11/381/13 തിയ്യതി 13.8.2013 | 27 |
| 2011-12,12-13 | കെ എസ് എ എം പി എം 11/224/15 തിയ്യതി 24.06.2017 | 21 |
| 2013-14,14-15 | കെ എസ് എ എം പി എം 11/1431/2016തിയ്യതി 28.06.17 | 17 |
| 2015-16 | കെ എസ് എ എം പി എം 11/2684/2016 തിയ്യതി 21.2.2018 | 13 |
| 2016-17 | കെ എസ് എ എം പി എം 11/1432/2017 തിയ്യതി 21.07.18 | 22 |
| 2017-18 | കെ എസ് എ എം പി എം 11/2425/2018 തിയ്യതി 4-5-19 | 17 |
| 2018-19 | കെ എസ് എ എം പി എം 11/2293/2019 തിയ്യതി 10.08.2020 | 13 |
| 2019-20 | കെ എസ് എ എം പി എം 11/830/2019 കെ എസ് എ എം പി എം 11/2293/2019 തിയ്യതി 10.08.2022തിയ്യതി 31.05.2022 | 28 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.6/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്